# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

## തൃക്കണ്ണാപുരം വെസ്റ്റ് എൽ പി സ്കൂൾ

പൂക്കോട്

പൊതുലക്ഷ്യങ്ങൾ

1. പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുക, എത്തിച്ചേർന്ന മുഴുവൻ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

3. കുട്ടികളെ പഠിക്കുന്ന ഭാഷകളിൽ ആശയവിനിമയ ശേഷി വർദ്ധിപ്പിച്ച് ആത്മവിശ്വാസത്തോടെ സംസാരിക്കാൻ പ്രാപ്തരാക്കുക.

4. കുട്ടികളെ സമൂഹത്തിൽ ഉത്തമപൗരന്മാരായി ജീവിക്കാൻ ഉതകുന്ന മൂല്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

## അവസ്ഥാ വിശകലനം

ഭൗതികം: (മികവ്)

എല്ലാ ക്ലാസിലും വൈദ്യുതി, ഫാൻ, അളമാര, കൂടാതെ കമ്പ്യൂട്ടർ ലാബ്, ഓഫീസ്മുറി, മൈക്ക് സെറ്റ്, കുടിവെള്ള സൗകര്യം, ടി.വി., ക്ലാസ് ലൈബ്രറിക്കുള്ള ഷെൽഫ്, എന്നിവ സ്കൂളിന്റെ നേട്ടങ്ങളാണ്.

ഭൗതികം: (പരിമിതി)

ആകർഷകമല്ലാത്ത സ്കൂൾ കെട്ടിടം, പ്രീ കെ.ഇ.ആർ കെട്ടിടമായത്കൊണ്ട് കുട്ടികൾക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സൗകര്യം ലഭിക്കുന്നില്ല. കളിസ്ഥലം ഇല്ലാത്തും, ജൈവ വൈവിദ്യ പാർക്കിന് സ്ഥലമില്ലാത്തതും, ഭക്ഷണ ഹാളില്ലാത്തതും പ്രധാന പോരായ്മകളാണ്.

അക്കാദമികം: (നേട്ടങ്ങൾ)

മിക്കവാറും വർഷങ്ങളിൽ ലഭിക്കുന്ന എൽ.എസ്.എസ്. കൂടാതെ ബെസ്റ്റ് പി.ടി.എ. അവാർഡ്, ശുചിത്വ അവാർഡ് എന്നിവ നേടാനായത് സംസ്ഥാനത്ത് തന്നെ ആദ്യമായി അമ്മ വായന എന്ന പരിപാടി ആരംഭിച്ചത് എന്നിവ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേഖലകളിലും ബാലകലോത്സവം, വിദ്യാരംഗം സാഹിത്യോത്സവം, കായിക മേളകൾ എന്നിവയിൽ തുടർച്ചയായി ഉയർന്ന സ്ഥാനങ്ങൾ നേടാനാകുന്നതും മികച്ച ക്ലാസ് ലൈബ്രറി, ലൈബ്രറി എന്നിവയും പ്രധാന നേട്ടങ്ങളാണ്.

അക്കാദമികം: (പരിമിതി)

പഠനവേഗത കുറഞ്ഞ കുട്ടികൾ ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പ് വരുത്താൻ കഴിയാത്തത്, സയൻസ് ലാബ്, സ്മാർട്ട് ക്ലാസ് മുറി, എന്നിവയില്ലാത്തത് ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷകളിൽ ഒഴുക്കോടെ സംസാരിക്കാൻ കഴിയാത്തത് എന്നിവ പ്രധാന പരിമിതിയാണ്.

## ഉപമേഖല : മലയാളം

മാതൃഭാഷയായ മലയാളത്തിൽ നാലാം ക്ലാസ് പൂർത്തിയാക്കുന്നതോടെ മിക്ക കുട്ടികൾക്കും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും ഉയർന്ന ശേഷി മേഖലകളായ ആസ്വാദനക്കുറിപ്പ്, ജീവചരിത്രക്കുറിപ്പ് വർണന എന്നിവ തയ്യാറാക്കാനും അവരുടെ സർഗാത്മക ശേഷി പ്രകടിപ്പിക്കുവാനും കഴിയുന്നുണ്ട്. എന്നാൽ പഠന വേഗത കുറഞ്ഞ കുട്ടികളിൽ അക്ഷരത്തെറ്റു വരുത്തുന്നതും ഉയർന്ന ശേഷി മേഖലകൾ കൈവരിക്കാനും പ്രയാസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കാനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി.

ഉപമേഖല : മലയാളം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | പഠന വേഗത കുറഞ്ഞ കുട്ടികൾ പഠനത്തിൽ പിന്നോക്കം | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 3, 4 ക്ലാസുകൾ | ഹ്രസ്വകാലം<br>1. പ്രീ ടെസ്റ്റ്<br>2. അക്ഷരമാല<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. വാക്കുകൾ നിർമിക്കൽ<br>5. ചിത്രം നോക്കി കഥ പറയൽ<br>6. കഥാ പൂരണം<br>7. കഥാ പുസ്തക വായന<br>8. പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്<br>9. സർഗ്ഗ സല്ലാപം (പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടൽ | ജൂൺ മുതൽ സപ്തംബർ വരെ | ക്ലാസ് ടീച്ചർ ഐ. ഇ.ഡി.സി. ട്രെയിനർ | 500/ (പി.ടി.എ.) |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ഒന്ന് മുതൽ നാല് വരെ | ഇടക്കാലം<br>1. ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ<br>2. വായനാമൂല ഒരുക്കൽ<br>3. വായിച്ചതിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ<br>4. വായനാ കാർഡ് നിർമ്മാണം<br>5. പത്രവായന<br>6. ക്ലാസ് മാസിക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ ക്ലാസ് പി. ടി.എ. | 5000/ (പി.ടി.എ) |
| | | | | 7. ലൈബ്രറി പുസ്തക വിതരണം<br>8. പുസ്തക പരിചയം അസംബ്ലിയിൽ | എല്ലാ ബുധനാഴ്ചയും ജൂൺ മുതൽ മാർച്ച്. വരെ | ലൈബ്രറി ചാർജുള്ള ടീച്ചർ | |
| | | | | ദീർഘകാലം<br>ലൈബ്രറി നവീകരണം | | പി.ടി.എ. | Yearly 10000/ |

ഉപമേഖല : മലയാളം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 3. | മികച്ച സർഗ്ഗാത്മക രചനകൾ നടത്താൻ കഴിയുന്നില്ല. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | ഒന്ന് മുതൽ നാല് വരെ | ഹ്രസ്വകാലം<br>1. സാഹിത്യകാരന്മാരുടെ ജീവചരിത്രക്കുറിപ്പ്<br>2. സാഹിത്യ ക്യാമ്പ്<br>3. നാടൻ പാട്ട് ശിൽപശാല<br>4. നാടക ശിൽപശാല<br>5. കവിതാ ക്യാമ്പ്<br>6. പ്രദേശിക പത്രം | ജൂൺ മുതൽ ജനുവരി വരെ<br><br>മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ<br><br>എസ്.ആർ. ജി. | 1000/ (പി.ടി.എ.) |
| | | | | ദീർഘകാലം<br>1. ചുമർ പത്രിക നിർമ്മാണം<br>2. ആസ്വാദനക്കുറിപ്പ് പതിപ്പ്<br>3. ഇൻലന്റ് മാഗസിൻ<br>4. സഞ്ചരിക്കുന്ന മാഗസിൻ | | | |
| 4. | മുഴുവൻ കുട്ടികൾക്കും എൽ.എസ്.എസ്. പരീക്ഷക്കിരിക്കാനുള്ള യോഗ്യത നേടാനാവുന്നില്ല | എൽ. എൽ.എസ്.എസ്. പരീക്ഷയിൽ മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക. | നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് | 1. മുഴുവൻ കുട്ടികളെയും പരീക്ഷയിൽ പങ്കെടുപ്പിക്കാനുള്ള പ്രവർത്തനങ്ങൾ<br>2. സ്കൂൾതല പരിശീലനങ്ങൾ<br>3. പുറത്തുള്ളവരുടെ ക്ലാസുകൾ<br>4. റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5. മാതൃകാ പരീക്ഷകൾ | ജൂൺ മുതൽ ഫിബ്രവരി വരെ | ക്ലാസ് ടീച്ചർ വിദഗ്ധർ | 1000/ (പി.ടി.എ) |

## ഉപമേഖല : ഇംഗ്ലീഷ്

### മികവുകൾ പോരായ്മകൾ

നാലാം തരത്തിൽ മിക്ക കുട്ടികളും നന്നായി ഇംഗ്ലീഷ് വായിക്കുന്നു. തെറ്റ് കൂടാതെ എഴുതുന്നു. എന്നാൽ പഠന വേഗത കുറഞ്ഞ കുട്ടികൾക്ക് സ്പെല്ലിംഗ് മിസ്റ്റേക്ക് വരുത്തുന്നു. കൂടാതെ അനായാസമായി ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുന്നില്ല.

അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | ഒഴുക്കോടെ സംസാരിക്കാൻ കഴിയുന്നില്ല | ഇംഗ്ലീഷിൽ താൽപര്യം ജനിപ്പിച്ച് തെറ്റ് കൂടാതെ എഴുതാനും വായിക്കാനും മടികൂടാതെ സംസാരിക്കാനും പ്രാപ്തനാക്കുക | ഒന്ന് മുതൽ നാല് വരെ | 1. റീഡിംഗ് കാർഡ് നിർമ്മാണം (ഹ്രസ്വ കാലം)<br>2. പിച്ചർ മാഗസിൻ (ഇടക്കാലം)<br>3. ഇംഗ്ലീഷ് ഡയറി (ഇടക്കാലം)<br>4. ഇംഗ്ലീഷ് ലൈബ്രറി (ദീർഘകാലം)<br>5. സ്കിറ്റ് തയ്യാറാക്കൽ (ഇടക്കാലം)<br>6. ഇംഗ്ലീഷ് മാഗസിൻ (ഇടക്കാലം)<br>7. ഇംഗ്ലീഷ് അസംബ്ലി<br>8. **ICT-Rhymes, story, puzzle skit Pronounciation etc.**<br>9. **English Theature camp.**<br>10. **Newspapaer Reading**<br>11. **G.K in English** | ജൂൺ<br>ജൂലായ് മുതൽ ജനുവരി വരെ<br>ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ മുതൽ മാർച്ച് **term 1** വീതം<br>**October 2nd saturday**<br>**June to March** | എസ് ആർ ജി<br>ക്ലാസ്ടീച്ചർ<br>ക്ലാസ് ടീച്ചർ<br>പി.ടി.എ<br>ക്ലാസ്ടീച്ചർ<br>എസ്. ആർ.ജി<br>എസ്.ആർ. ജി.<br>പി.ടി.എ.<br>പി.ടി.എ<br>ക്ലാസ് ടീച്ചർ | 500/<br>100/<br>കൊല്ലത്തിൽ 10000/<br>2000/<br>2000/ |
| 2. | | മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ | | | | | |

മികവുകളും പോരായ്മകളും

ഗണിത പഠനത്തിൽ കുട്ടികൾ താൽപര്യം കാണിക്കുന്ന രസകരമായ കുസൃതികണക്കുകൾ ശേഖരിക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. എന്നാൽ ഉയർന്ന ശേഷിയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ പ്രയാസം തേടുന്നു. എൽ.എസ്.എസ് പരീക്ഷയിൽ ഗണിതത്തിൽ ക്ലാസിലുള്ള മികവ് നിലനിർത്താനാവുന്നില്ല. ഗണിത പഠനത്തിനാവശ്യമായ പഠനോപകരണങ്ങളുടെ അപര്യാപ്തത.

ഉപമേഖല : മലയാളം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | ചില കുട്ടികൾക്ക് പ്രായോഗിക പ്രശ്നം നിർദ്ധാരണം ചെയ്യാൻ പ്രയാസം | രസകരമായ ഗണിത പഠനം ചതുപ്പ് ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | 3, 4 ക്ലാസുകൾ | 1. പ്രീ ടെസ്റ്റ് മന: കണക്ക് ഇടക്കാലം | ജൂൺ | | |
| | | | | 2. കുസൃതിക്കണക്ക് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | | | | 3. മാന്ത്രിക ചതുരം | | | |
| | | | | 4. ഗണിതകേളി | | | |
| | | | | 5. ഗണിത ക്വിസ് | | | |
| | | | | 6. പാറ്റേൺ കണ്ടെത്തൽ | | | |
| | | | നാലാം ക്ലാസ് | 7. ഉച്ച ഭക്ഷണ കണക്കുകൾ കുട്ടികൾ തയ്യാറാക്കൽ (ഇടക്കാലം) | ജൂൺ മുതൽ മാർച്ച് വരെ | നൂൺ മീൽ ടീച്ചർ | |
| | | | | 8. ഹോണസ്റ്റി ഷോപ്പ് (ഇടക്കാലം) | | എസ്.എൽ. ആർ.ജി | 1000/ |
| | | | | 9. ഗണിത മാഗസിൻ (ഹ്രസ്വകാലം) | ഒക്ടോബർ | | 500/ |
| | | | | 10. മെട്രിക് മേള (ഹ്രസ്വകാലം) | നവംബർ | എസ്.എൽ. ആർ.ജി. | 1000/ |
| | | | | 11. ഗണിത ക്യാമ്പ് (ഹ്രസ്വകാലം) | മാർച്ച് | എസ്.എൽ. ആർജി. | 2000/ |
| 2. | | | | 12. ഗണിത ലാബ് (ദീർഘ കാലം) | [illegible] | | |
| | | | | 13. ഗണിത ഡയറി (ഇടക്കാലം) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |
| | | ഊഹിക്കാനും അളക്കാനും കഴിയുന്നു. | | 14. ഗണിതം തൊഴിലിൽ അഭിമുഖം (ഹ്രസ്വകാലം) | ഡിസംബർ | എസ്.ആർ. ജി. | |
| | | | | 15. പഠനോപകരണ നിർമ്മാണ ശിൽപശാല (ഹ്രസ്വകാലം) | സപ്തംബർ | എസ്.ആർ. ജി. | 2000/ |

പരിസര പഠനം

ശാസ്ത്ര മേഖലകളിൽ പങ്കെടുക്കുകയും നല്ല രീതിയിലുള്ള വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. പരിസ്ഥിതി അവബോധം, ജലസംരക്ഷണം, ശുചിത്വ ബോധം, എന്നിവയിൽ ധാരണ ഉണ്ട്. കുട്ടികൾക്ക് സ്വതന്ത്രമായി പരീക്ഷണ ങ്ങളിലേർപ്പെടാനുള്ള സാഹചര്യമില്ല. കൂടാതെ ജൈവ വൈവിധ്യ പാർക്കിന് ആവശ്യമായ സ്ഥലം ലഭ്യതയില്ല എന്നതും പരിമിതിയാണ്.

ഉപമേഖല : പരിസര പഠനം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- | --- |
| 1. | പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാൻ കഴിയുന്നില്ല. | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | 3, 4 ക്ലാസുകൾ<br>ഒന്ന് മുതൽ നാല് വരെ | 1. ലഘു പരീക്ഷണ ശിൽപശാല (ഹ്രസ്വകാലം)<br>2. ഫീൽഡ് ട്രിപ്പ് (പാഠഭാഗത്തിനനുസരിച്ച്) ഇടക്കാലം<br>3. സയൻസ് കോർബർ നിർമ്മാണം (ഹ്രസ്വകാലം) | സപ്തംബർ<br>ജൂൺ മുതൽ<br>മാർച്ച് വരെ<br>ജൂലൈ | എസ്. ആർ.ജി<br>ക്ലാസ് ടീച്ചർ<br>എസ്ആർജി<br>എസ്ആർജി | 2000/<br>500/<br>പിടിഎ<br>2000/ |
| 2. | | | മൂന്ന്, നാല്<br>ഒന്നു മുതൽ 4വരെ | 1. ശുചിത്വ സർവ്വെ (ഹ്രസ്വകാലം)<br>2. അഭിമുഖങ്ങൾ (ഇടക്കാലം)<br>3. ഔഷധത്തോട്ടനിർമ്മാണം (ഇടക്കാലം)<br>4. പഠനയാത്ര (ഹ്രസ്വകാലം)<br>5. ശാസ്ത്രലാബ് (ദീർഘകാലം)<br>6. ഔഷധ സസ്യങ്ങൾ പതിപ്പ്<br>7. ശാസ്ത്രകൗതുകം (അമ്മമാർക്ക്)<br>8. ജൈവ വൈവിധ്യ റജിസ്റ്റർ<br>9. പക്ഷി നിരീക്ഷണം | ജൂൺ-ജൂലൈ<br>ജൂൺ മുതൽ<br>മാർച്ച്.വരെ<br>ജൂൺ മുതൽ<br>മാർച്ച് വരെ<br>ഫിബ്രവരി<br>രണ്ടാം ശനി<br>യാഴ്ച<br>[illegible]<br>ആഗസ്ത്<br>ജനുവരി<br>ജൂലൈ<br>സപ്തംബർ | എസ്ആർജി<br>എസ്ആർജി<br>എസ്ആർജി<br>പിടിഎ<br>എസ്ആർജി<br>എസ്ആർജി<br>എസ്ആർജി<br>എസ്ആർജി | 500/<br>500/<br>5000/<br>2000/ |

## കലാകായിക പ്രവൃത്തി പരിചയം

പ്രവൃത്തി പരിചയ കലാകായിക മേളകളില ഉന്നത വിജയം നേടാൻ കഴിയുന്നു. മിക്ക ഇനങ്ങളിലും ജില്ലാതല മത്സരത്തിൽ പങ്കെടുക്കാൻ കഴിയുന്നു. എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കാൻ കഴിയുന്നു. എന്നാൽ കുട്ടികളുടെ കഴിവുകൾ മത്സരത്തിന് ശേഷം പരിപോഷിപ്പിക്കുവാൻ പറ്റാത്തത് ഒരു പോരായ്മയാണ്.

ഉപമേഖല : കലാകായിക പ്രവൃത്തിപരിചയം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | അഭിരുചിക്കനുസരിച്ച് കഴിവ് പ്രകടിപ്പിക്കാൻ കഴിയുന്നില്ല. | കുട്ടികളിൽ അവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കൽ | ഒന്ന് മുതൽ നാല് വരെ | 1. പ്രവൃത്തി പരിചയ ശിൽപശാല (ഹ്രസ്വകാലം) | ജൂലൈ | എസ് ആർജി | 1000/ |
| | | | | 2. ചിത്രരചനാ ക്യാമ്പ് (ഹ്രസ്വകാലം) | നവംബർ | പി.ടി.എ. | 500/ |
| | | | | 3. സ്കൂൾ കായികമേള (ഹ്രസ്വകാലം) | ഒക്ടോബർ | പി.ടി.എ. | 500/ |
| | | | | 4. വിദഗ്ധരുടെ പരിശീലനം (ദീർഘകാലം) | [illegible] | | |

സാമൂഹികം

മികച്ച സാമൂഹിക ബന്ധം ഇടപെടുന്ന ക്ലാസ് പിടിഎ എന്നിവ നിറപ്പകിട്ടാർന്ന വാർഷികാഘോഷം വാർഷികാഘോഷത്തിലെ ജനപങ്കാളിത്തം അമ്മ വായന രക്ഷിതാക്കളുടെ പഠനോപകരണ നിർമ്മാണ ശിൽപശാലഎന്നിവ മികച്ച സാമൂഹിക ബന്ധത്തിന് ഉദാഹരണങ്ങളാണ്. എന്നാൽ വർദ്ധിച്ച ജനപിന്തുണ ഭൗതിക സാഹചര്യങ്ങളുടെ മാറ്റത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നത് പരിമിതിയാണ്.

ഉപമേഖല : സാമൂഹിക ബന്ധം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | മുഴുവൻ രക്ഷിതാക്കളെയും സമൂഹത്തിലെ ത്തിക്കാനാവുന്നില്ല. | രക്ഷിതാക്കളും സമൂഹവും സ്കൂളിനോടുള്ള ബന്ധം മെച്ചപ്പെടുത്താൻ | മുഴുവൻ രക്ഷിതാക്കളും നാട്ടുകാരും | 1. രക്ഷിതാക്കൾക്ക് ക്ലാസ്<br>2. പഠനോപകരണ ശിൽപശാല<br>3. അമ്മവായന<br>4. വാർഷികാഘോഷം<br>5. ക്ലാസ് പി.ടി.എ<br>6. ഓണാഘോഷം<br>7. ക്രിസ്തുമസ് നക്ഷത്ര നിർമ്മാണം<br>8. സ്നേഹവിരുന്ന് സമൂഹ നോമ്പ്തുറ | term 1ൽ<br><br>ജൂൺ മുതൽ മാർച്ച്.വരെ എല്ലാ മാസവും<br>ഓണാവധി ആരംഭിക്കുന്ന ദിവസം<br>ക്രിസ്തുമസിന്<br>പെരുന്നാളിന് | എസ്. ആർ.ജി<br>ലൈബ്രറി ചാർജ്ജുള്ള ടീച്ചർ<br>പിടിഎ<br><br>പിടിഎ<br>പിടിഎ<br>പിടിഎ | 3000/<br><br><br><br>5000/<br>500/<br>3000/ |

അദ്ധ്യാപക ശാക്തീകരണം

ആത്മാർത്ഥതയും നല്ല കഴിവുമുള്ള അധ്യാപകർ സ്കൂളിന്റെ കരുത്താണ്. എന്നാൽ നവീന സാങ്കേതിക വിദ്യാ ജ്ഞാനം ഇനിയും വർദ്ധിപ്പിക്കണം.

ഉപമേഖല : സാമൂഹിക ബന്ധം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | നവീന സാങ്കേതിക വിദ്യ ആർജിക്കുന്നതിലുള്ള പരിമിതി | അധ്യാപക ശാക്തീകരണം | മുഴുവൻ അധ്യാപകർക്കും | 1. വിദഗ്ധരുടെ ക്ലാസുകൾ<br>2. ഐ.ടി. പരിശീലനം<br>3. വാട്സ് ആപ് ഗ്രൂപ്പ്<br>4. വായനാക്കളരി – പുസ്തക ചർച്ച<br>5. സ്കൂൾ സന്ദർശനം<br>6. പഠനയാത്ര | termൽ 1<br>termൽ 1<br><br>എല്ലാ വെള്ളിയാഴ്ചയും | എച്ച്എം<br>എച്ച്എം<br>1<br>ഹെഡ് മാസ്റ്റർ | 3000/<br>3000/ |

ധനകാര്യ വിശകലനം

പിടിഎ ഫണ്ട്, സ്റ്റാഫ് ഫണ്ട്, എസ്എസ്എ, വ്യക്തികളുടെ സംഭാവനകൾ എന്നിവയിലൂടെ പ്രവർത്തനത്തിനാവശ്യമായ തുക കണ്ടെത്താൻ കഴിയും.

മോണിറ്ററിങ്ങ്:

മൂന്ന് തലത്തിലുള്ള മോണിറ്ററിംഗാണ് നടത്തുന്നത്.

1. ഹെഡ് മാസ്റ്ററുടെ മോണിറ്ററിംഗ്.

2. എസ്.ആർ.ജി. മോണിറ്ററിംഗ്

3. പിടി.എ പ്രസിഡന്റ്, എക്സിക്യൂട്ടിവ് മെമ്പേർസ്, വാർഡ് മെമ്പർ എന്നിവരടങ്ങിയ സമിതി.

ഉപസംഹാരം:

അടുത്ത അഞ്ച് വർഷം കൊണ്ട് അക്കാദമിക തലത്തിലും ഭൗതിക തലത്തിലും കുതിച്ച് ചാട്ടം നടത്തി പുതിയ കാലഘട്ടത്തിനനുസരിച്ച നമ്മുടെ വിദ്യാലയത്തെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്താനും കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിച്ച് മികച്ച വ്യക്തികളായി സമൂഹത്തിന് മാതൃകയായ രീതിയിലുള്ള ജീവിതം നയിക്കാനും പര്യാപ്തമാക്കാനും ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ കഴിയുമെന്ന് പ്രത്യാശിക്കുന്നു.